**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5146.** **23.03.2018 ൽ മറുപടിയ്ക്ക്**

**മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.അയിഷാ പോറ്റി** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| കേരളത്തിൽ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹിക - സാംസ്കാരിക - സാമ്പത്തിക - ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സർക്കാർ നിർദ്ദേശാനുസരണം 2015 ൽ കേരള ആൽക്കഹോൾ ടീം ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം കാരക്കോണം സി.എസ്.ഐ.മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ.വിജയകുമാർ.കെ.യുടെ നേതൃത്വത്തിൽ പത്തംഗ വിദഗ്ധ സംഘം നടത്തിയ പഠനത്തിൽ കേരളത്തിലെ വർദ്ധിച്ചുവരുന്ന ലഹരിയോടുള്ള ആസക്തി നിയന്ത്രണ വിധേയമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലഹരിയ്ക്ക് അടിമകളായവരെ സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിന് ലഹരി മോചന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ടിൽ ഊന്നിപ്പറയുന്നുണ്ട്. ആദിവാസി, തീരദേശ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും ലഹരി മുക്ത ചികിത്സ നേടി സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിവന്നവരെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ലഹരി മുക്തരായവരെ അവജ്ഞയോടെ കാണുന്ന സമൂഹത്തിന്റെ നിലവിലുള്ള രീതി മാറ്റുന്നതിന് ബോധവത്കരണം നടത്തേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ടിൽ വിശദമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**